II ഇ. ബി. XIV - കേരള നിയമസഭ/IX- 6

# പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ഫെബ്രുവരി 05, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

18(*181) കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) നൽകിയ മറുപടിയിൽ, വ്യവസായ സംരംഭകർക്ക് അടിസ്ഥാന സൗകര്യമൊരുക്കി സംസ്ഥാനത്ത് കൂടുതൽ തൊഴിലവസരങ്ങളും നിക്ഷേപവും നടപ്പിലാക്കാൻ ലക്ഷ്യമിടുന്ന കൊച്ചി-പാലക്കാട് ഹൈടെക് വ്യവസായ ഇടനാഴി പദ്ധതിയുടെ വിശദാംശങ്ങൾ/പഠന റിപ്പോർട്ട് സമർപ്പിക്കാൻ കെ.എസ്.ഐ.ഡി.സി.-യെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ടെന്നും M/s. പ്രൈസ്‌വാട്ടർ ഹൗസ്‌കൂപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡിനെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും പദ്ധതി

സമയബന്ധിതമായി പൂർത്തിയാക്കുമെന്നും സഭയെ അറിയിച്ചു. പ്രസ്തുത പദ്ധതിയുടെ ആവശ്യത്തിനായി പാലക്കാട് ജില്ലയിലെ കണ്ണമ്പറയിൽ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുകയും ബി.പി.സി.എൽ., കൊച്ചി റിഫൈനറിയിൽ നിന്നുള്ള പെട്രോകെമിക്കൽ അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് മറ്റ് ഉല്പന്നങ്ങൾ നിർമ്മിക്കുന്ന 'പെട്രൊകെമിക്കൽ പാർക്ക്' സ്ഥാപിക്കുന്നതിനായി ഫാക്ടിന്റെ കൈവശമുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി എം.ഒ.യു. ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. കരട് വ്യവസായ നയം അവതരിപ്പിക്കുമെന്നും നിലവിലുള്ള വ്യവസായങ്ങളെ വികസിപ്പിക്കുന്നതിനും നഷ്ടത്തിലായതും പ്രവർത്തനക്ഷമമല്ലാത്തതുമായ വ്യവസായശാലകളെ പ്രൊഫഷണൽ മാനേജ്മെന്റ് സംവിധാനത്തിലൂടെ പുനരുദ്ധരിപ്പിച്ച് അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വ്യവസായ സ്ഥാപനങ്ങളെ ക്ലസ്റ്റർ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് സംരംഭകർക്കാവശ്യമായ പശ്ചാത്തല സൗകര്യമൊരുക്കുന്നതിനും പാരിസ്ഥിതിക പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാത്ത വ്യവസായ സംരംഭങ്ങളെ ആകർഷിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. തിരുവനന്തപുരം ജില്ലയിലെ ആറ്റിങ്ങലിലുള്ള സ്റ്റീൽ ഫാക്ടറി പുനരുദ്ധരിക്കുന്നതിനും എം.എസ്.എം.ഇ. സംരംഭങ്ങളെക്കുറിച്ച് പരിശോധിക്കുന്നതിനും കിനാലൂർ വ്യവസായ പാർക്കിൽ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പുതിയ വ്യവസായ സംരംഭങ്ങളും കോട്ടയം ജില്ലയിൽ റബ്ബറധിഷ്ഠിത വ്യവസായ

പാർക്ക് ആരംഭിക്കുന്നതിനും കഞ്ചിക്കോട് വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനായി പുനരുദ്ധാരണ പാക്കേജ് രൂപീകരിക്കുന്നതിനും ഒഴിഞ്ഞുകിടക്കുന്ന വ്യവസായ എസ്റ്റേറ്റുകളിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണെന്നും വേളിയിൽ പുതിയ വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണമാരംഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

19(*182) <u>കിഫ്ബിയുടെ പ്രവർത്തന പുരോഗതി</u>

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ തുക സംസ്ഥാന ബഡ്ജറ്റിനു പുറമെനിന്നും സമാഹരിക്കുന്നതിനായി രൂപീകരിച്ച കിഫ്ബിയിലൂടെയാണ് സർക്കാർ നിർദ്ദേശിക്കുന്നതെന്നും വാർഷിക ബഡ്ജറ്റിൽ കിഫ്ബി മുഖേന പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതെന്നും സഭയെ അറിയിച്ചു. ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം മുഖ്യമന്ത്രി അദ്ധ്യക്ഷനായ കിഫ്ബോർഡും ധനകാര്യ വകുപ്പുമന്ത്രി അദ്ധ്യക്ഷനായ എക്സിക്യൂട്ടീവ് കമ്മിറ്റിയും കിഫ്ബി സമാഹരിക്കുന്ന പണത്തിന്റെ വിനിയോഗം ഉറപ്പുവരുത്താനും നിക്ഷേപക താൽപ്പര്യം സംരക്ഷിക്കുന്നതിനുമായി ഫണ്ട് ട്രസ്റ്റി അഡ്വൈസറി കമ്മീഷനും രൂപീകരിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതികൾക്കുള്ള മാനദണ്ഡങ്ങൾ പ്രകാരം

സമർപ്പിക്കുന്ന പദ്ധതികൾ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയാണ് അംഗീകാരം നൽകുന്നതെന്നും 21,786.54 കോടി രൂപയുടെ പദ്ധതി വിശദാംശങ്ങൾ കിഫ്ബിയിൽ സമർപ്പിച്ചതിൽ അംഗീകാരം ലഭിച്ച 18938.3 കോടി രൂപയുടെ പദ്ധതികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനായി ചുമതലപ്പെടുത്തിയ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ഡി.പി.ആർ.-ഉം വർക്ക് ബ്രേക്ക് ഡൗൺ സ്ട്രക്ചറും സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതികൾക്കുള്ള നിർവ്വഹണ ചെലവിന്റെ തുകകൾ ഘട്ടംഘട്ടമായി അനുവദിക്കുകയും ബില്ലുകൾക്കുള്ള ഓൺലൈൻ ഇൻവോയിസ് സമർപ്പണത്തിനും തുക നേരിട്ട് കോൺട്രാക്ടറുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനുമുള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ കിഫ്ബി ഇൻസ്പെക്ഷൻ അതോറിറ്റിയും പദ്ധതി അവലോകന വിഭാഗവും പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുന്നതിലൂടെ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. മോട്ടോർ വാഹന നികുതി, പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള സെസ്സ് എന്നീ ഇനങ്ങളിൽനിന്നും വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി അനുവദിച്ച ശീർഷകത്തിൽനിന്നും കിഫ്ബിക്ക് തുക ലഭ്യമാക്കിയിട്ടുണ്ടെന്നും ദീർഘകാല വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടെന്നും

ജനറൽ ഒബ്ലിഗേഷൻ ബോണ്ട് വഴി തുക സമാഹരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണെന്നും മന്ത്രി അറിയിച്ചു. മലയോര-തീരദേശ ഹൈവേകൾ ഉൾപ്പെടെയുള്ള കിഫ്ബി പദ്ധതികളുടെ നടപ്പിലാക്കലിനായി കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടി പ്രയോജനപ്പെടുത്തുന്നതിനും വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന്റെ ആദ്യ ഘട്ടമായി മസാല ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടെന്നും അസറ്റ് മാനേജ്മെന്റ് കമ്പനിയിലൂടെ സെബി/റിസർവ് ബാങ്ക് അംഗീകൃത നൂതന ധനസമാഹരണ മാർഗ്ഗങ്ങൾ പ്രയോജനപ്പെടുത്തുമെന്നും കിഫ്ബി സമാഹരിക്കുന്ന വായ്പാ തുകയേക്കാൾ കുറവായിരിക്കും തിരിച്ചടവിനു വേണ്ടിവരുന്നതെന്നും മന്ത്രി വ്യക്തമാക്കി. കിഫ്ബിയിൽ അനുവദിച്ച പ്രവൃത്തികൾക്ക് കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട എസ്.പി.വി.കളും ഉദ്യോഗസ്ഥരും പ്രോജക്ടുകൾ അവലോകനം ചെയ്യുന്നതിലൂടെ കിഫ്ബി പദ്ധതികൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി സമയബന്ധിതമായി നടപ്പിലാക്കുമെന്നും ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് കിഫ്ബിക്ക് പ്രത്യേക വ്യവസ്ഥകളില്ലെന്നും അതിനായി ലാന്റ് ബോണ്ട് സ്കീം തയ്യാറാക്കുന്ന നടപടി അന്തിമഘട്ടത്തിലാണെന്നും എറണാകുളം ജില്ലയിലെ തമ്മനം-പുല്ലേപ്പടി റോഡിന്റെ ഭൂമി ഏറ്റെടുക്കൽ ചെലവ് കിഫ്ബി വഹിക്കുന്നതാണെന്നും നിർമ്മാണ സാമഗ്രികളുടെ അഭാവംമൂലം മുടങ്ങിക്കിടക്കുന്ന

പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായി സഹകരിച്ച് സമവായം രൂപീകരിച്ചുകൊണ്ട് നടപടികൾ സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

20(*183) <u>കൈത്തൊഴിലുകാരുടെ ഉല്പന്നങ്ങൾക്ക് വിപണന ശൃംഖല</u>

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് കരകൗശലത്തൊഴിലാളികളുടെ ഉല്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനും കരവിരുത് പ്രദർശിപ്പിക്കുന്നതിനുമായി കരകൗശല വികസന കോർപ്പറേഷൻ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ക്രാഫ്റ്റ് ബസാറുകൾ, കരകൗശല എക്സിബിഷനുകൾ, ഗാന്ധിശില്പ ബസാറുകൾ എന്നിവ സംഘടിപ്പിക്കുകയും ക്രാഫ്റ്റ് ടൂറിസം പദ്ധതിയെ അടിസ്ഥാനപ്പെടുത്തി തിരുവനന്തപുരം ജില്ലയിലെ വെള്ളാറിൽ ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുകയും കരകൗശല കലാകാരൻമാർക്ക് നവീന ആശയങ്ങൾ പഠിപ്പിക്കുന്നതിനും കൂടുതൽ അവബോധം ഉളവാക്കുന്നതിനുമായി ഡിസൈൻ വർക്ക്ഷോപ്പുകൾ നടത്തുകയും ചെയ്യുന്നുണ്ടെന്ന് സഭയെ അറിയിച്ചു. വാണിജ്യ വികസനത്തിന്റെ ഭാഗമായി കേരളത്തിന്റെ തനതായ കരകൗശല വസ്തുക്കൾ, കൈത്തറി വസ്ത്രങ്ങൾ, കലാരൂപങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട് പാലക്കാട് ജില്ലയിൽ മലബാർ ക്രാഫ്റ്റ്സ് മേളയും കോഴിക്കോട് ജില്ലയിൽ ഇരിങ്ങൽ ക്രാഫ്റ്റ് മേളയും പരമ്പരാഗത ബാംബൂ മേഖലയിലെ കരകൗശല കലാകാരന്മാർക്ക് വിപണി

ലഭ്യത ഉറപ്പാക്കുന്നതിനായി കേരള ബാംബൂ ഫെസ്റ്റും സംഘടിപ്പിച്ചെന്നും കൈത്തൊഴിൽ ഉല്പന്നങ്ങൾ, കലാസൃഷ്ടികൾ എന്നിവയുടെ പ്രദർശനത്തിനും വിപണനത്തിനുമായി അടുത്ത സാമ്പത്തിക വർഷം മാമാങ്കം ഫെയർ സംഘടിപ്പിക്കുമെന്നും കൈത്തൊഴിലുകാരുടെ കുടുംബ വരുമാനം വർദ്ധിപ്പിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി വസ്ത്രഗ്രാമം പദ്ധതിയും നൂതനമായ ഡിസൈനുകൾ വികസിപ്പിച്ച് വിപണനം നടത്തുന്നതിനുള്ള പദ്ധതിയും കാഡ്കോ മുഖേന നടപ്പിലാക്കി വരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പരമ്പരാഗത കരകൗശല കൈത്തൊഴിൽ ഉൽപ്പന്നങ്ങൾ ഇ-കൊമേഴ്സ് വഴി വിപണനം നടത്തുന്നതിന്റെ ഭാഗമായി എം.എസ്.എം.ഇ. വികസിപ്പിക്കുകയും കരകൗശല വികസന കോർപ്പറേഷൻ, സുരഭി, കാഡ്കോ എന്നീ സ്ഥാപനങ്ങളുടെ വെബ്സൈറ്റുകളും സാമൂഹ്യ മാധ്യമങ്ങളും വഴി കരകൗശല ഉൽപ്പന്നങ്ങൾക്ക് പ്രചാരം നൽകിവരികയും ചെയ്യുന്നുണ്ട്. ബാംബൂ മേഖലയിലെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട തൊഴിലാളികളുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും വരുമാനം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുകയും കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾക്കാവശ്യമായ അസംസ്കൃത വസ്തു ലഭ്യമാക്കുന്നതിനായി 2008-ന് മുമ്പ് നികത്തപ്പെട്ട കൃഷി ഭൂമിയിൽനിന്നുള്ള കളിമണ്ണ് പ്രയോജനപ്പെടുത്തണമെന്ന നയമാണ് സ്വീകരിച്ചിട്ടുള്ളതെന്നും കളിമൺ മാഫിയകൾക്കെതിരെ നടപടി

സ്വീകരിക്കുകയും ചെയ്യുന്നതാണെന്നും മന്ത്രി അറിയിച്ചു. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികളുടെ നൈപുണ്യ വികസനത്തിനുവേണ്ടി ടൂൾ കിറ്റ് വിതരണം ചെയ്യുന്നതുൾപ്പെടെയുള്ള പദ്ധതികൾ ആവിഷ്കരിക്കുമെന്നും കോമൺ ഫെസിലിറ്റി സെന്ററുകളുണ്ടാക്കി പൊതുസേവനം ഉറപ്പുവരുത്തുമെന്നും പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനുകളിൽ കരകൗശല വികസന കോർപ്പറേഷന്റെ ഷോറൂമുകൾ ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള കൈത്തറി ഉൽപ്പന്നങ്ങൾക്ക് റിബേറ്റ് നൽകുന്നത് കർശനമായി നിയന്ത്രിച്ച് ഓൺലൈനായി ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമെന്നും സ്കൂൾ യൂണിഫോം നിർമ്മിക്കുന്നതിനാവശ്യമായ നൂൽ ലഭ്യമാക്കുന്നതിലെ തടസ്സങ്ങൾ സംബന്ധിച്ച് പരിശോധിക്കുമെന്നും ആഴ്ചയിലൊരിക്കൽ കൂലി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ആറന്മുള കണ്ണാടിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ആറന്മുള ഗ്രാമം പൈതൃക ഗ്രാമമായി വികസിപ്പിക്കാനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

21(*184) <u>ദേവസ്വം ബോർഡ് അഴിമതി</u>

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) നൽകിയ

മറുപടിയിൽ, തിരുവിതാംകൂർ മുൻ ദേവസ്വം ബോർഡിനെതിരായ അഴിമതി ആരോപണങ്ങളെപ്പറ്റിയും മറ്റ് ആക്ഷേപങ്ങളെ സംബന്ധിച്ചും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പോലീസ് സൂപ്രണ്ടിന്റെ കാര്യാലയത്തിൽ അന്വേഷണം നടന്നുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. സാമ്പത്തിക കാര്യങ്ങളിൽ കർക്കശമായ പരിശോധനകളും സമയബന്ധിതമായ നടപടികളും സ്വീകരിക്കുന്നതിനായി ദേവസ്വം ബോർഡിൽ ഒരു ധനകാര്യ പരിശോധനാ വിഭാഗവും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി സ്പെഷ്യൽ സ്ക്വാഡും രൂപീകരിക്കുകയും ബോർഡിന്റെ സ്ട്രോംഗ് റൂമുകളിൽ സൂക്ഷിച്ചിരിക്കുന്ന സ്വർണ്ണം, വെള്ളി തുടങ്ങിയ വിലപിടിപ്പുള്ള ഉരുപ്പടികളുടെ കണക്കെടുത്ത് ഡിജിറ്റലൈസ് ചെയ്ത് മൂല്യനിർണ്ണയം നടത്താൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ബോർഡിന്റെ ടെണ്ടർ നടപടികൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കാലോചിതമായ പരിഷ്കരണങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണെന്നും ശബരിമലയിൽ തീർത്ഥാടന സമയത്ത് മുൻവർഷങ്ങളിലേതിനെക്കാൾ വരുമാനം വർദ്ധിച്ചിട്ടുണ്ടെന്നും പുതിയ ഭരണ സമിതിയെ നിയോഗിക്കുകയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും ചെയ്തതിലൂടെ മണ്ഡലകാല മകരവിളക്ക് മഹോത്സവം ഭംഗിയായി നടത്താൻ സാധിച്ചുവെന്നും നിലയ്ക്കൽ ഗോശാലയിൽ കന്നുകാലികൾ ചാകാനിടയായത്

അസുഖവും പ്രായാധിക്യവുംമൂലമാണെന്ന് ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2194 മുതൽ 2543 വരെയുള്ള ചോദ്യങ്ങളിൽ 171 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)